**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2303** **12-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടമായ കുട്ടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri K N Balagopal**<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മാതാപിതാക്കൾ നഷ്ടമായ കുട്ടികൾക്കുൾക്ക് ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | 20/06/2021 ലെ സ.ഉ (കൈ)നം. 18/2021/ സാ.നീ.വ പ്രകാരം ധനസഹായം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്ന് മുതലാണ് ഈ ധനസഹായം ലഭ്യമായി തുടങ്ങുക; എങ്കിൽ എത്ര രൂപയാണ് ഇതിനായി ധനകാര്യവകുപ്പ് വകയിരുത്തിയിട്ടുള്ളത്; | (ബി) | 18/08/2021 ലെ സ.ഉ.(സാധാ)നം. 5578/2021/ധന പ്രകാരം ധനകാര്യ വകുപ്പ് 3,19,99,000 /-രൂപ (മൂന്ന് കോടി പത്തൊൻപത് ലക്ഷത്തിതൊണ്ണൂറ്റി ഒൻപതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന ഡയറക്ടർ 15/09/2021 ലെ ICPS 4(A)/1602/21 പ്രകാരം ആദ്യ ഘട്ടമായി 54 കുട്ടികൾക്കുള്ള അടിയന്തര ധനസഹായം ജില്ലകൾക്ക് കൈമാറിയിട്ടുമുണ്ട്. |
| (സി) | ഏതു വകുപ്പ് വഴിയാണ് ഈ തുക കുട്ടികൾക്ക് കൈമാറുന്നത്; ഇതുമായി ബന്ധപ്പെട്ട മാർഗരേഖകൾ എന്തെങ്കിലും പുറപ്പെടുവിക്കുകയുണ്ടായോ; ആർക്കൊക്കെയാണ് ഇതിന്റെ ഗുണം ലഭ്യമാകുക; വിശദാംശങ്ങൾ നൽകുമോ; മാർഗരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | വനിതാ ശിശുവികസന വകുപ്പ് മുഖേനയാണ് കുട്ടികൾക്ക് ധനസഹായം കൈമാറുന്നത്. 17/08/2021 ലെ സ.ഉ.(കൈ) നം.1/2021/WCDD പ്രകാരം ആയതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത മാർഗ്ഗരേഖകൾ പ്രകാരം ചുവടെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ധനസഹായത്തിന് അർഹതയുണ്ട്. 1. കോവിഡ് മൂലം മാതാവും പിതാവും നഷ്ടപ്പെട്ട കുട്ടികൾ. 2. കോവിഡ് നെഗറ്റീവ് ആയി മാറിക്കഴിഞ്ഞു മൂന്നു മാസത്തിനകം ശാരീരിക പ്രശ്നങ്ങളാൽ മരണപ്പെട്ട മാതാപിതാക്കളുടെ കുട്ടികൾ. 3. പിതാവോ മാതാവോ മുൻപ് മരണപ്പെട്ടതും കോവിഡ് മൂലം നിലവിലുള്ള ഏക രക്ഷിതാവ് മരണപ്പെടുകയും ചെയ്ത കുട്ടികൾ. 4 . മാതാവോ പിതാവോ നേരത്തെ ഉപേക്ഷിച്ച് ഇപ്പോൾ ഏക രക്ഷിതാവ് കോവിഡ് മൂലം മരിക്കുകയും ചെയ്ത കുട്ടികൾ. 5. മാതാപിതാക്കൾ മരണപ്പെടുകയോ ഉപേക്ഷിക്കുകയോ ചെയ്ത് ബന്ധുക്കളുടെ സംരക്ഷണയിൽ കഴിയുകയും നിലവിൽ |

| | | | |
|---|---|---|---|
| | | | സംരക്ഷിക്കുന്ന രക്ഷിതാക്കൾ കോവിഡ് മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾ. |

സെക്ഷൻ ഓഫീസർ

73

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വനിത ശിശു വികസന വകുപ്പ് - കോവിഡ് മഹാമാരി മൂലം മാതാപിതാക്കളെ/ രക്ഷിതാക്കളെ നഷ്ടമായ കുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിത ശിശുവികസന (സി) വകുപ്പ്

സ.ഉ.(കൈ) നം.1/2021/WCDD തീയതി,തിരുവനന്തപുരം, 17/08/2021

പരാമർശം:- 1. 18 .06 .2021 ലെ G.O (Rt) No.4555/2021/Fin നമ്പർ ഉത്തരവ്

2.

20/06/2021-ലെ സ.ഉ (കൈ) നം 18/2021/സാ.നീ.വ നമ്പർ ഉത്തരവ്

3 വനിത ശിശുവികസന വകുപ്പ് ഡയറക്ടറുടെ 09/07/2021-ലെ ഐ.സി.പി.എസ്4(എ)/1602/2021 നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്ത് കോവിഡ് 19 ബാധിച്ച് മാതാപിതാക്കളെ/രക്ഷിതാക്കളെ നഷ്ടമായ കുട്ടികൾക്ക ധനസഹായം അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ഇത്തരത്തിലുള്ള കുട്ടികൾക്ക് സർക്കാർ സഹായം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി പരാമർ ശം (3 പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായ

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച കോവിഡ് മൂലം മാതാപിതാക്കൾ രക്ഷിതാക്കൾ നഷ്ടമായ കുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതിന് ചുവടെ പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

I കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള സർക്കാർ സഹായത്തിന് അർഹരായ കുട്ടികൾ

1. കോവിഡ് മൂലം മാതാവും പിതാവും നഷ്ടപ്പെട്ട കുട്ടികൾ

2. കോവിഡ് നെഗറ്റീവ് ആയി മാറിക്കഴിഞ്ഞു മൂന്നു മാസത്തിനകം ശാരീരിക പ്രശ്നങ്ങളാൽ മരണപ്പെട്ട മാതാപിതാക്കളുടെ കുട്ടികൾ.

3 . പിതാവോ മാതാവോ മുൻപ് മരണപ്പെട്ടതും കോവിഡ് മൂലം നിലവിലുള്ള ഏക രക്ഷിതാവ് മരണപ്പെടുകയും ചെയ്ത കുട്ടികൾ.

4. മാതാവോ പിതാവോ നേരത്തെ ഉപേക്ഷിച്ച് ഇപ്പോൾ ഏക രക്ഷിതാവ് കോവിഡ് മൂലം മരിക്കുകയും ചെയ്ത കുട്ടികൾ.

5 . മാതാപിതാക്കൾ മരണപ്പെടുകയോ ഉപേക്ഷിക്കുകയോ ചെയ്ത് ബന്ധുക്കളുടെ സംരക്ഷണയിൽ കഴിയുകയും നിലവിൽ സംരക്ഷിക്കുന്ന രക്ഷിതാക്കൾ കോവിഡ് മൂലം മരണപ്പെടുകയും ചെയ്ത കുട്ടികൾ.

മേൽ സൂചിപ്പിച്ച ഗണത്തിൽപ്പെടുന്ന കുട്ടികളെ കുടുംബത്തിന്റെ വരുമാന പരിധിയോ മറ്റു മാനദണ്ഡങ്ങളോ പരിഗണിക്കാതെ തന്നെ സർക്കാർ സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.

II. <u>ധന സഹായത്തിന് പരിഗണിക്കാത്ത കുട്ടികൾ</u>

1. സർക്കാർ ജീവനക്കാർക്കുള്ള ഫാമിലി പെൻഷൻ ലഭിക്കുന്ന കുടുംബങ്ങൾ

2 . നിലവിൽ കുട്ടിയെ സംരക്ഷിക്കുന്ന രക്ഷിതാക്കൾക്ക് ഈ സ്കീം പ്രകാരമുള്ള ധനസഹായം ആവശ്യമില്ലെന്ന് രേഖാമൂലം അറിയിക്കുന്ന സാഹചര്യത്തിൽ ,എന്നാൽ കുട്ടിക്ക് 18 വയസാകുന്നതിനു മുമ്പ് രക്ഷിതാക്കൾക്ക് ഈ സ്കീമിൽ തിരികെ ചേരാവുന്നതും ബാക്കി കാലയളവിലുള്ള സഹായം സ്വീകരിക്കാവുന്നതുമാണ് .

III. <u>കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള സഹായങ്ങൾ</u>

1. <u>ഒറ്റ തവണ നൽകുന്ന ധനസഹായം</u>

സർക്കാർ സഹായത്തിന് അർഹരായ കുട്ടികൾക്ക് 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിലും എന്നാൽ പലിശ കുട്ടിക്ക് ആവശ്യമുള്ള സമയത്ത് പിൻവലിച്ച് ഉപയോഗിക്കാവുന്ന തരത്തിലും ഒറ്റത്തവണ സഹായം എന്ന നിലയിൽ കോവിഡ് മൂലം അനാഥരായ കുട്ടികളെ സഹായിക്കുന്നതിനുള്ള സ്പെഷ്യൽ പാക്കേജിന് വേണ്ടി പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള 2235 -02 -102 -23 (NV ) എന്ന ശീർഷകത്തിൽ നിന്നും കുട്ടിയുടെ പേരിൽ ഫിക്സഡ് ഡെപ്പോസിറ്റ് ആയി മൂന്നു ലക്ഷം രൂപ ധനസഹായം നൽകുന്നതാണ്.

2. <u>കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള പ്രതിമാസ ധന സഹായം</u>

സർക്കാർ സഹായത്തിന് അർഹരായ കുട്ടികൾക്ക് പ്രതിമാസ ധനസഹായമെന്ന നിലയിൽ കോവിഡ് മൂലം അനാഥരായ കുട്ടികളെ സഹായിക്കുന്നതിനുള്ള സ്പെഷ്യൽ പാക്കേജിന് വേണ്ടി പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള 2235 -02 -102 -23 (NV ) എന്ന ശീർഷകത്തിൽ നിന്നും 2000/- രൂപ 18 വയസ്സ് പൂർത്തിയാക്കുന്നത് വരെ കുട്ടിയുടെയും നിലവിലെ രക്ഷിതാവിന്റെയും പേരിൽ ഉള്ള ബാങ്ക് അക്കൗണ്ടിലേക്കു അനുവദിക്കുന്നതാണ് .

3. <u>കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള വിദ്യാഭ്യാസ സഹായം</u>

സർക്കാർ സഹായത്തിന് അർഹരായ കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചിലവ് കുട്ടികളുടെ അപേക്ഷയിന്മേൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അതാതു സമയങ്ങളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വനിതാ ശിശു വികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് തുക അനുവദിക്കുന്നതാണ് . ഇതിനുള്ള തുക ആവശ്യാനുസരണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

IV. <u>ധനസഹായം നൽകുന്നതിനുള്ള നടപടികൾ</u>

ധനസഹായത്തിനായി ലഭ്യമാകുന്ന അപേക്ഷയിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ വഴി വിശദമായി അന്വേഷണം നടത്തുകയും ആയത് വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഡയറക്ടർ ഈ കാര്യങ്ങൾ

പരിശോധിച്ച് ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) വനിതാ ശിശു വികസന വകുപ്പ് സെക്രട്ടറി ചെയർപേഴ്സണായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ കൺവീനറായും ആരോഗ്യവകുപ്പ് ഡയറക്ടർ/ അഡീഷണൽ ഡയറക്ടറിൽ കുറയാത്ത പ്രതിനിധി എന്നിവർ അംഗങ്ങളുമായ ഒരു സ്കീം മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. ജില്ലാ ശിശു സംരക്ഷണ ഓഫീസർ മുഖാന്തിരം റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളിൽ എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം പ്രസ്തുത കമ്മിറ്റി അന്തിമ തീരുമാനം കൈക്കൊള്ളേണ്ടതും ഈ സ്കീമിന്റെ നടത്തിപ്പിന്റെ മേൽനോട്ടം ടി കമ്മിറ്റി നിർവഹിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിഷ എസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ് , പൂജപ്പുര, തിരുവനന്തപുരം.

പ്രോഗ്രാം മാനേജർ , എെ.സി.പി.എസ്., പൂജപ്പുര, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/ എ&ഇ),കേരളം,തിരുവനന്തപുരം.

ദുരന്ത നിവാരണ (എ) വകുപ്പ് .

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ വിവര പൊതുജന സമ്പർക്ക വകുപ്പ്

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ